ത്തിൽ ജനിച്ചതായുള്ള സർട്ടിഫിക്കറ്റ് 9.4.97-ൽ അപേക്ഷക പരീക്ഷാ കമ്മിഷണർക്ക് സമർപ്പിച്ചു. കേരള വിദ്യാഭ്യാസ അദ്ധ്യായം 6 ചട്ടം 3 അനുസരിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി കൂനൂർ സബ്രജിസ്ട്രാർ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള ജനന രജിസ്റ്റർ പരിശോധിച്ചു. അപേക്ഷകയുടെ പിതാവായ ഗോവിന്ദൻ നായർക്കും മാതാവായ ജാനകിക്കുട്ടിക്കും കൂടി 27.2.47-ൽ ഒരു പെൺകുട്ടി ജനിച്ചതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷകയുടെ നിലവിലുള്ള ജനനത്തീയതിയായ 31.3.45-ൽ ഇതേ ദമ്പതികൾക്ക് ഒരു പെൺകുട്ടി ജനിച്ചതായും രജിസ്റ്ററിൽ കണ്ടെത്തിയിരുന്നു. അപേക്ഷക സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലം അനുസരിച്ച് സഹോദരി ടി.പി. തങ്കം തലശ്ശേരിയിലാണ് ജനിച്ചിട്ടുള്ളത്. ആയതിനാൽ 31.3.45-ൽ ഹ്യൂലിക്കൽ റൗൺ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനനം അപക്ഷകയുടേതാണോ അതോ തലശ്ശേരിയിൽ ജനിച്ചു എന്നു പറയപ്പെടുന്ന സഹോദരി ടി.വി. തങ്കത്തിന്റേതാണോ എന്ന് അറിയുന്നതിൽ തലശ്ശേരിയിലെ ധർമ്മടം പഞ്ചായത്തിലെ ജനന രജിസ്റ്റർകൂടി പരിശോധിക്കേണ്ടതുണ്ട്. പ്രസ്തുത ആഫീസ് രജിസ്റ്റർ പരിശോധിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) (ബി) പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല. നടപടിക്രമങ്ങൾ പൂർത്തിയാകാത്തതാണ് കാരണം.

(ഇ) ധർമ്മടം പഞ്ചായത്തിലെ ജനന രജിസ്റ്റർ പരിശോധിച്ചു കഴിഞ്ഞാലുടൻ എസ്.എസ്.എൽ.സി. ബുക്കിൽ ജനനത്തീയതി തിരുത്താനുള്ള അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതാണ്. എന്നാൽ സർവ്വീസ് ബുക്കിൽ ജനനത്തീയതി തിരുത്തുന്ന പ്രശ്നം എസ്.എസ്.എൽ.സി. ബുക്കിൽ ജനനത്തീയതി തിരുത്തിയതിനുശേഷമേ ഉദിക്കുന്നുള്ളൂ.

75 (1619) ഏഴുകോൺ പോളിടെക്നിക്കിന്റെ അംഗീകാരം റദ്ദാക്കിയ നടപടി

ശ്രീ. ഏഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.10.1995-ൽ സർക്കാർ ഉത്തരവ് നമ്പർ 185/95/എച്ച്.ഇ. പ്രകാരം കൊല്ലം ജില്ലയിലെ ഏഴുകോൺ മേജർ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തുകയും 1996/97 അദ്ധ്യയനവർഷത്തേയ്ക്ക് ഇലക്ട്രോണിക്സ്-മെക്കാനിക്കൽ വിഭാഗത്തിലായി 30 സീറ്റുകൾക്കായി പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ടോ;

(ബി) ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തിക്കൊണ്ടുള്ള ഈ ഉത്തരവ് ഏതു ദിവസത്തെ മന്ത്രിസഭായോഗ തീരുമാന പ്രകാരമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) എഴുകോൺ മേജർ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്ക് ആയി ഉയർത്തുന്നത് സംബന്ധിച്ച് അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അംഗീകാരം നൽകിയിരുന്നോ; ഇത് സംബന്ധിച്ച ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ 3.2.1995-ലെ ഇ 1/38992/93 വാല്യം രണ്ട് നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 31.10.95-ലെ ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കായി ഉയർത്തിയ ഉത്തരവ് റദ്ദ്ചെയ്യുകയുണ്ടായോ; എങ്കിൽ ഈ ഉത്തരവ് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവിന്റേയോ കത്തിന്റേയോ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഒരു മന്ത്രിസഭായോഗ തീരുമാനപ്രകാരം 31.10.95-ലെ സർക്കാർ ഉത്തരവിലൂടെ ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കായി ഉയർത്തിയ നടപടി റദ്ദു ചെയ്യുന്നതിന് മന്ത്രിസഭായോഗ തീരുമാനമുണ്ടായിരുന്നോ;

(എഫ്) എങ്കിൽ ഏതു ദിവസത്തെ മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് എഴുകോൺ അടക്കമുള്ള ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കായി ഉയർത്തിയ 31.10.95 സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുവാൻ തീരുമാനിച്ചത്;

(ജി) കൊല്ലം ജില്ലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റേതായി എഴുകോൺ ടെക്നിക്കൽ ഹൈസ്കൂളിനോടനുബന്ധിച്ച് ആറ് ഏക്കറിലധികം വസ്തുവുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) 31.10.95-ലെ ഉത്തരവ് റദ്ദ് ചെയ്തതുമൂലം എഴുകോണിൽ അപ്ഗ്രേഡ് ചെയ്ത പോളിടെക്നിക് ഇല്ലാതായ സാഹചര്യത്തിലും പുരയിടം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് സ്വന്തമായി എഴുകോണിലുള്ളതിനാൽ അധിക സാമ്പത്തികബാദ്ധ്യത വരില്ല എന്നത് പരിഗണിച്ച് പുതുതായി അനുവദിക്കുന്ന പോളിടെക്നിക്കുകളിൽ ഒന്ന് എഴുകോണിൽ അനുവദിക്കുമോ;

(ഐ) എഴുകോണിൽ പോളിടെക്നിക് അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ.യുടെ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് മറുപടി നൽകുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26.10.95-ലെ

(സി) ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനിൽനിന്നും അനുമതി ലഭിച്ചിരുന്നില്ല. 3.2.95-ലെ ഇ 1/38992/93 വാല്യം 11 കത്തിന്റെ പകർപ്പ് അനുബന്ധം-1† ആയി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. 11.6.96-ലെ ജി.ഒ. (എം.എസ്.) 122/96/ഉവിവ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2† ആയി ചേർത്തിരിക്കുന്നു.

(ഇ) ഉണ്ടായിരുന്നു.

(എഫ്) 11.9.1996-ലെ മന്ത്രിസഭാ യോഗമാണ് 31.10.95-ലെ സർക്കാർ ഉത്തരവ് റദ്ദ്ചെയ്യുവാനുള്ള തീരുമാനം സാധൂകരിച്ചത്.

(ജി) ഉണ്ട്.

(എച്ച്) 1999-2000-ലെ അദ്ധ്യയന വർഷത്തിൽ പുതുതായി ഇനി പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഉണ്ട്. നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പോളിടെക്നിക്കുകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

76 (1620) പബ്ലിക് ലൈബ്രറിയിൽ കുട്ടികളുടെ ഗ്രന്ഥാലയം

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ കുട്ടികളുടെ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഗ്രന്ഥാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ കുട്ടികളുടെ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കുട്ടികളുടെ ഗ്രന്ഥാലയത്തിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതു പ്രായത്തിലെ കുട്ടികൾക്കാണ് ഗ്രന്ഥാലയത്തിൽ പ്രവേശനം അനുവദിക്കുക എന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടുവോ; എങ്കിൽ ഏത് പ്രായംവരെ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഗ്രന്ഥാലയത്തിൽ കുട്ടികളുടെ മെമ്പർഷിപ്പ് ഫീസ് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ജി) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയോടനുബന്ധിച്ചുള്ള കുട്ടികളുടെ ഗ്രന്ഥാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10.7.96-ൽ

(ബി) ഏകദേശം അവസാനഘട്ടത്തിലാണ്.

(സി) ഗ്രന്ഥാലയത്തിന്റെ പണി പൂർത്തിയായാലുടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) സർക്കാരിന്റെ സാമ്പത്തികസ്ഥിതിക്കു വിധേയമായി, കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി വേണ്ടിവരുന്ന എല്ലാ ആധുനിക ഉപാധികളും ഈ ലൈബ്രറിയിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) ഇപ്പോൾ പബ്ലിക് ലൈബ്രറിയിൽ കുട്ടികളുടെ വിഭാഗത്തിൽ പ്രവേശനം അനുവദിക്കുന്നത് നഴ്സറി ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കാണ്. ഈ സമ്പ്രദായം തന്നെ കുട്ടികളുടെ ഗ്രന്ഥാലയത്തിലും തുടരുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly